**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1722 | **04/12/2018 ൽ** മറുപടിക്ക്

**ഫ്ലക്സ് ബോർഡുകളുടെ നിയന്ത്രണം.**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് യാതൊരു മാനദണ്ഡവുമില്ലാതെ ഫ്ലക്സ് ബോർഡുകൾ സ്ഥാപിക്കുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും പ്രധാന റോഡുകളുടെ സമീപം ട്രാഫിക് സിഗ്നലുകൾ പോലും മറച്ചുകൊണ്ട് വയ്ക്കുന്ന ഇത്തരം ഫ്ലക്സ് ബോർഡുകൾ വാഹന അപകടങ്ങൾക്ക് കാരണമാകുന്നു എന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) | ഇത്തരത്തിൽ അനധികൃതമായി സ്ഥാപിച്ച ഫ്ലക്സ് ബോർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നീക്കം ചെയ്യണമെന്ന് ബഹു.ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ബി) & സി) ഉണ്ട്. സംസ്ഥാനത്ത് പൊതുനിരത്തു-കളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകൾ / ബോർഡിങുകൾ / ബാനറുകൾ / കൊടികൾ എന്നിവ അടിയന്തിരമായി നീക്കം ചെയ്യുന്നതിന് 7.3.2018, 6.10.2018 തീയതികളിൽ ആർസി2/41/2018/തസ്വഭവ നമ്പർ പരിപത്രങ്ങളും 26.10.2018 ലെ സ.ഉ(സാധാ) നമ്പർ.2733/2018/തസ്വഭവ ഉത്തരവും പുറപ്പെടുവിക്കുകയും മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനധികൃത ബോർഡുകൾ നീക്കം |
| സി) | ഇക്കാര്യത്തിൽ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ | |

| | | |
|---|---|---|
| | ; വിശദാംശം നൽകുമോ; | ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ സംസ്ഥാനത്തൊട്ടാകെ ഗ്രാമ പഞ്ചായത്ത് തലത്തിൽ ഇതുവരെ 188413 ബോർഡുകൾ / ഹോർഡിംഗുകൾ / ബാനറുകൾ / കൊടികളും നഗരസഭാ തലത്തിൽ 108485 ബോർഡുകൾ / ഹോർഡിംഗുകൾ / ബാനറുകൾ / കൊടികളും നീക്കം ചെയ്തിട്ടുണ്ട്. |
| ഡി) | സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ പല ഭാഗത്തും ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ; അവ സ്ഥാപിച്ചത് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ; | ഡി) സർക്കാരിന്റെ രണ്ടാം വാർഷികം പ്രമാണിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തിരഞ്ഞെടുത്ത പരസ്യ ഏജൻസികൾ മുഖേന ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഫ്ലക്സ് പ്രിന്റിംഗിന് പകരം എക്കോ - ഫ്രണ്ട് ലീ ക്ലോത്ത് പ്രിന്റിംഗിൽ പരസ്യം പ്രദർശിപ്പിക്കാനുള്ള സന്നദ്ധത അറിയിക്കണമെന്നും സാധാരണ ഫ്ലക്സ് ഉപയോഗിക്കുന്ന പക്ഷം പ്രകൃതിസൗഹാർദപരമായി അത് റീസൈക്കിൾ ചെയ്യേണ്ടതാണ് എന്നും ഏജൻസികൾക്ക് നിർദ്ദേശം നൽകിയിരുന്നു. |
| ഇ) | പ്രകൃതിക്ക് ദോഷകരമായ ഫ്ലക്സിന് നിയന്ത്രണം / നിരോധനം കൊണ്ടു വരുന്നതിനും, ഫ്ലക്സിന് പകരം തുണിയോ പരിസരമലിനീകരണം ഉണ്ടാക്കാത്ത ഏതെങ്കിലും വസ്തുക്കൾ കൊണ്ടോ സർക്കാർ പരിപാടികളുടെ ബോർഡുകൾ തയ്യാറാക്കുന്നതിനും സ്ഥാപിക്കുന്നതിനും ആയത് പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഇ) പി.വി.സി ഫ്ലക്സിന് പകരമായി തുണിയും റീസൈക്കിൾ ചെയ്യാവുന്നതും പി.വി.സി മുക്തവുമായ പോളി എഥിലീനും (പോളിത്തീൻ) പോലുള്ള വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചുകൊണ്ട് പി.വി.സി ഫ്ലക്സ് നിരോധിക്കുന്നതിന്റെ പ്രായോഗികത സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ